I ഇ.ബി. XV - കേരള നിയമസഭ/III-9

# പതിനഞ്ചാം കേരള നിയമസഭ

മൂന്നാം സമ്മേളനം

# നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2021 ഒക്ടോബർ 20, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I. ചരമോപചാരം

അപ്രതീക്ഷിത മഴക്കെടുതിയും പ്രകൃതിക്ഷോഭവുംമൂലമുണ്ടായ മരണം

മി. സ്പീക്കർ: കഴിഞ്ഞ ദിവസങ്ങളിലുണ്ടായ അപ്രതീക്ഷിതമായ പേമാരിയിലും ഉരുൾപൊട്ടലിലും മരണമടഞ്ഞവർക്ക് കേരള നിയമസഭ ആദരാഞ്ജലി അർപ്പിക്കുന്നതോടൊപ്പം മരിച്ചവരുടെ ആശ്രിതരുടെയും

ബന്ധുക്കളുടെയും ദു:ഖത്തിൽ പങ്കുചേരുകയും ചെയ്യുന്നു. ഒക്ടോബർ 16-ന് കോട്ടയം, ഇടുക്കി ജില്ലകളിലുണ്ടായ പേമാരിയിലും ഉരുൾപൊട്ടലിലും നിരവധിപേർ മരണപ്പെടുകയും കാർഷിക വിളകൾക്കും വീടുകൾക്കും നാശനഷ്ടമുണ്ടാകുകയും ചെയ്തു. ദുരന്തത്തിൽ മരിച്ചവരുടെ ആശ്രിതർക്കും നാശനഷ്ടങ്ങളുണ്ടായവർക്കും എല്ലാ സഹായങ്ങളും സാന്ത്വനവും നൽകാൻ കഴിയണം. ഈ ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്ക് സഭ ദു:ഖവും അനുശോചനവും രേഖപ്പെടുത്തുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഇരട്ട ന്യൂനമർദ്ദം രൂപപ്പെട്ടതിന്റെ ഫലമായാണ് ഒക്ടോബർ 11 മുതൽ പല ഭാഗത്തും അതിതീവ്ര മഴയുണ്ടായത്. വിവിധ വകുപ്പുകളുടെ ഏകോപിത പ്രവർത്തനമാണ് മഴദുരന്ത നിവാരണകാര്യത്തിൽ നടന്നുവരുന്നത്. ദേശീയ ദുരന്ത പ്രതികരണ സേനയെ പ്രളയബാധിത പ്രദേശത്ത് വിന്യസിച്ചിട്ടുണ്ട്. കൂട്ടിക്കൽ, കൊക്കയാർ മേഖലകളിലുൾപ്പെടെ എയർഫോഴ്സിന്റെയും നേവിയുടെയും ഹെലികോപ്റ്ററുകൾ വഴി രക്ഷാപ്രവർത്തനം നടത്തുന്നുണ്ട്. തുടർന്നുള്ള ദിവസങ്ങളിലും ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് മുന്നറിയിപ്പ് ലഭിച്ചിട്ടുള്ളതിനാൽ ഇടുക്കി, ഇടമലയാർ, പമ്പ ഡാമുകൾ അപകടസാദ്ധ്യതയുണ്ടാവുകയില്ലെന്ന് ഉറപ്പുവരുത്തി തുറന്നിട്ടുണ്ട്.

പ്രകൃതിക്ഷോഭത്തിൽ ഇതുവരെ 39 പേർ മരണപ്പെട്ടുകയും 6 പേരെ കാണാതാകുകയും നിരവധി വീട്ടുകൾ പൂർണ്ണമായും ഭാഗികമായും തകരുകയും ചെയ്തിട്ടുണ്ട്. സ്ഥിതിഗതികൾ നിരന്തരം വിലയിരുത്തി ആവശ്യമായ നടപടികൾ യഥാസമയം സ്വീകരിക്കുന്നുണ്ട്. വിഷമാവസ്ഥയിൽപ്പെട്ടവരെ കൈവിടില്ലെന്ന് ഉറപ്പ് നൽകുന്നതോടൊപ്പം അവരെ സഹായിക്കാൻ എല്ലാവരുടെയും സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു. സഹജീവികളുടെ വേർപാടിൽ ദു:ഖം രേഖപ്പെടുത്തുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): അതിതീവ്രമഴയിലും ഉരുൾപൊട്ടലിലും ജീവനും ജീവനോപാധികളും നഷ്ടപ്പെട്ടവരുടെയും കുടുംബാംഗങ്ങളുടെയും ദു:ഖത്തിൽ പങ്കുചേർന്നുകൊണ്ട് ബാഷ്പാഞ്ജലി അർപ്പിക്കുന്നു. തുടർച്ചയായുണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങളും കാലാവസ്ഥാ വ്യതിയാനവും സംബന്ധിച്ച് മുന്നറിയിപ്പ് നൽകുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കണം. ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബങ്ങൾക്കും ജീവനോപാധികൾ നഷ്ടപ്പെട്ടവർക്കും അർഹമായ നഷ്ടപരിഹാരം നൽകണം. പ്രകൃതിക്ക് അനുയോജ്യമായ രീതിയിൽ വൻകിട വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിനും കേന്ദ്രസർക്കാരിൽനിന്നും ആവശ്യമായ

സഹായങ്ങൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് പ്രതിപക്ഷത്തിന്റെ പൂർണ്ണമായ പിന്തുണയുണ്ടാകും.

(മരണപ്പെട്ടവരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റ് നിന്ന് മൗനമാചരിച്ചു.)

## II. പ്രമേയം

സഭാ സമ്മേളനം ക്രമീകരിക്കുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): അപ്രതീക്ഷിത പേമാരിയും ഉരുൾപൊട്ടലുംമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷവും അടുത്ത ദിവസങ്ങളിൽ ശക്തമായ മഴയുണ്ടാകുമെന്ന പ്രവചനവും കണക്കിലെടുത്ത് ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രിമാരുടെയും നിയമസഭാ സാമാജികരുടെയും സാന്നിദ്ധ്യം പ്രാദേശികമായി അനിവാര്യമായതിനാൽ 2021 ഒക്ടോബർ 5-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശക സമിതി റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ഭാഗിക ഭേദഗതി വരുത്തിക്കൊണ്ട് ഇന്നേ ദിവസത്തെ തുടർന്നുള്ള സഭാനടപടികൾ നിർത്തിവയ്ക്കാനും 2021 ഒക്ടോബർ 21, 22 തീയതികളിലെ സഭാസമ്മേളനം ഒഴിവാക്കാനും ഈ സഭ തീരുമാനിക്കുന്നു എന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

സഭ രാവിലെ 9.15-ന് പിരിഞ്ഞു.

**********